മദ്യവും, ബിയറും, വൈനും, വിദേശ നിർമ്മിത വിദേശ മദ്യവും വിൽക്കാൻ അനുമതി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. ഹൈക്കോടതി റദ്ദുചെയ്ത മദ്യനയത്തിലെ വ്യവസ്ഥകൾ പുനഃസ്ഥാപിക്കുവാൻ സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

(സി) നിലവിലെ മദ്യനയം അനുസരിച്ച് ഫൈവ് സ്റ്റാറും അതിനു മുകളിലും പദവിയിലുള്ള ഹോട്ടലുകൾക്ക് മാത്രമെ പുതുതായി ബാർ ലൈസൻസ് നൽകാൻ വ്യവസ്ഥയുള്ളൂ. ഫൈവ്സ്റ്റാർ ഗണത്തിൽപ്പെട്ട രണ്ട് ഹോട്ടലുകളുടെ അപേക്ഷകൾ ബാർ ലൈസൻസിനായി ലഭിച്ചിട്ടുണ്ട്. ഫോർ സ്റ്റാർ ഗണത്തിൽപ്പെട്ട ഹോട്ടലുകളിൽ നിന്നും ലഭിച്ച അപേക്ഷകൾ പുതിയ അബ്കാരി നയത്തിന്റെയും അതു പ്രകാരം വിദേശ മദ്യ ചട്ടത്തിൽ വരുത്തിയ ഭേദഗതികളുടേയും അടിസ്ഥാനത്തിൽ നിരസിച്ചിട്ടുണ്ട്.

(ഡി) മദ്യത്തിന്റെ ഉത്പാദനവും ലഭ്യതയും കുറച്ച് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ജന സൗഹൃദ പോലീസ്

16 (*16) ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. ജി. സുധാകരൻ :

ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ സംരക്ഷകരാകേണ്ട പോലീസ് സേന ജനമർദ്ദകരും പീഡകരുമായി മാറിക്കൊണ്ടിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനങ്ങളെ മർദ്ദിക്കാനും കള്ളക്കേസുകളിൽ കുടുക്കാനും അവകാശമുള്ളവരാണ് തങ്ങളെന്ന പോലീസ് സേനയിലുള്ളവരുടേതായി ആക്ഷേപിക്കപ്പെട്ട മനോഭാവം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സമരത്തിലേർപ്പെടുന്ന പൊതുപ്രവർത്തകരുടെ നേർക്ക് നടക്കുന്നതായി ആക്ഷേപിക്കുന്ന മർദ്ദനമുറകൾ അവസാനിപ്പിക്കാമോ ; ഇതിൽ ഉരുതരമായി പരുക്കേൽക്കുന്നവരുടെ പേരുവിവരങ്ങൾ ശേഖരിക്കാറുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജനങ്ങളോട് മാന്യമായി സംസാരിക്കുന്നതിനും പെരുമാറുന്നതിനും പോലീസിനു പരിശീലനം നല്കാനും പോലീസ് സേനയെ ജനസൗഹൃദസേനയാക്കി മാറ്റാനും നടപടി സ്വീകരിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) അത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജനസേവകരായി തന്നെയാണ് പോലീസ് സേന പ്രവർത്തിയ്ക്കുന്നത്. അക്രമം നടക്കുന്ന അവസരങ്ങളിൽ പോലീസിന് ഏറ്റവും മിനിമം ബലം പ്രയോഗിക്കേണ്ട സാഹചര്യം അപൂർവ്വമായി ഉണ്ടാകാറുണ്ട്.

(ബി) പോലീസ് സേനയിലുള്ളവർക്ക് ഇത്തരമൊരു മനോഭാവം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജനങ്ങളോട് മാന്യമായി പെരുമാറുന്നതിനും നിയമപരമായി കാര്യങ്ങൾ ചെയ്യുന്നതിനും, കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും അവ പാലിക്കുന്നുണ്ടോയെന്ന് നിരീക്ഷിച്ചുവരുന്നുമുണ്ട്. മറിച്ചുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

(സി) സമരത്തിൽ ഏർപ്പെടുന്നവർ പൊതുമുതൽ നശിപ്പിക്കുകയോ, അക്രമാസക്തമാവുകയോ ചെയ്യുകയാണെങ്കിൽ അവരെ ആയതിൽനിന്നും പിന്തിരിപ്പിക്കാൻ വേണ്ടി മാത്രമേ വളരെ ചെറിയ തോതിലുള്ള ബലപ്രയോഗം നടത്താറുള്ളൂ. സമാധാനപരമായി സമരത്തിലേർപ്പെടുന്ന പൊതുപ്രവർത്തകർക്ക് നേരെ മർദ്ദനമുറകൾ സ്വീകരിക്കാറില്ല. എന്നാൽ അക്രമാസക്തമാകുംവിധം പൊതുജനങ്ങൾക്കും, പൊതുമുതലിനും നാശം സംഭവിക്കത്തക്കവിധം പ്രവർത്തിക്കുന്ന സമരക്കാരെ നിയന്ത്രിക്കുന്നതിനുവേണ്ടി മിനിമം ബലപ്രയോഗം നടത്തി പിരിച്ചുവിടുകയാണ് പോലീസ് ചെയ്യുപോരുന്നത്. സമരത്തിന്റെ പേരിൽ അക്രമം നടക്കുമ്പോൾ മാത്രമേ നിയമാനുസരണം പോലീസ് ഇടപെടാറുള്ളൂ. ഇത്തരത്തിൽ പരുക്ക് ഏൽക്കുന്നവരുടെ പേര് വിവരങ്ങൾ ശേഖരിക്കാറുണ്ട്.

(ഡി) പോലീസ് മാന്യമായി തന്നെയാണ് ഇടപെടുന്നത്. ജനങ്ങളോട് മാന്യമായി സംസാരിക്കുന്നതിനും പെരുമാറുന്നതിനും പോലീസിനു പരിശീലനം നൽകുന്നതിന്റെ ഭാഗമായി എസ്.ഐ. മാർക്കുള്ള പുതുക്കിയ സിലബസിൽ കമ്മ്യൂണിറ്റി പോലീസിംഗ് സോഫ്റ്റ് സ്കിൽ ഡെവലപ്പ്മെന്റ് ബിഹേവിയറൽ ചേഞ്ചസ് ഇൻ പോലീസ് വർക്ക് തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ജനമൈത്രി ട്രെയിനിംഗ് സോഫ്റ്റ് സ്കിൽ ഡെവലപ്പ്മെന്റ് തുടങ്ങിയ വിഷയങ്ങളിൽ പോലീസുകാർക്കായി ഇൻസർവ്വീസ് കോഴ്സുകളും കേരളാ പോലീസ് അക്കാഡമിയിൽ നടത്തിവരുന്നുണ്ട്. ജനങ്ങളോട് മാന്യമായി സംസാരിക്കുവാനും, പെരുമാറുവാനും പോലീസുകാർക്ക് നിർദ്ദേശം നൽകികൊണ്ട് 10-9-2014-ൽ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന പോലീസ് മേധാവി നമ്പർ 6/14 ആയി സർക്കുലർ നൽകിയിട്ടുണ്ട്. ജനങ്ങളും പോലീസും തമ്മിലുള്ള സൗഹൃദം മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന പോലീസ് സേനയിൽ ജനമൈത്രീ പോലീസ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി, വനിതാ ഹെൽപ്പ് ലൈൻ, സിറ്റിസൺ ഹെൽപ്പ് ഡെസ്ക് തുടങ്ങിയ സംവിധാനങ്ങൾ പ്രവർത്തിച്ചുവരുന്നു. ജനമൈത്രി സംവിധാനം പോലീസ് സേനയെ ജനസൗഹൃദ സേനയാക്കി മാറ്റുന്നതിന് വളരെയധികം സഹായിക്കുന്നുണ്ട്. മോശമായി പെരുമാറുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

നികുതി ഏകീകരണം

17 (*17) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നുള്ള വാഹനങ്ങൾക്ക് കർണ്ണാടകയിൽ അധിക നികുതി പിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) വാഹനങ്ങൾ രജിസ്ട്രേഷൻ നടത്തുന്നതിനായി കേരളത്തിൽനിന്നും അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാന സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം

18 (*18) ശ്രീ. കെ. എം. ഷാജി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെന്റ് സെക്രട്ടേറിയറ്റിന്റെ പ്രവർത്തനത്തെക്കുറിച്ച് അനുകൂലമായും, പ്രതികൂലമായും നടന്ന വാദപ്രതിവാദങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിലുള്ള കാഴ്ചപ്പാടും പരിഹാര നിർദ്ദേശങ്ങളും വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly